കേരള കാർഷിക സർവ്വകലാശാല
സസ്യ കീട-രോഗ നിയന്ത്രണ **നിർദ്ദേശങ്ങൾ**
(2026 ആഗസ്റ്റ് 13 - ആഗസ്റ്റ് 19)

(തയ്യാറാക്കിയത്: കമ്മ്യൂണിക്കേഷൻ സെന്ററർ, മണ്ണുത്തി - 680651
E-mail: ccmannuthy@kau.in, Phone: 0487-2370773)

ഈയാഴ്ചത്തെ സസ്യ കീട-രോഗ നിയന്ത്രണ നിർദ്ദേശങ്ങൾ

കുരുമുളക്

തുടർച്ചയായ മഴമൂലം കുരുമുളകിൽ ദ്രുതവാട്ടരോഗം കാണാനിടയുണ്ട്. രണ്ടു കിലോ ട്രൈക്കോഡർമ 90 കിലോ ചാണകപ്പൊടിയും, 10 കിലോ വേപ്പിൻ പിണ്ണാക്കുമായി കൂട്ടി കലർത്തി ആവശ്യത്തിന് ഈർപ്പം നിലനിൽക്കത്തക്ക വണ്ണം രണ്ടാഴ്ചത്തേക്ക് വെക്കുക. ഈ മിശ്രിതത്തിൽ നിന്ന് 2.5 കിലോ വീതം ഓരോ കുരുമുളക് ചെടിക്കും ചുവട്ടിലും ഇട്ടു bകൊടുക്കുക. രോഗം കൂടുന്ന പക്ഷം 1% വീര്യമുള്ള ബോർഡോ മിശ്രിതമോ അല്ലെങ്കിൽ 20 ഗ്രാം സ്യൂഡോമോണാസ് ഫ്ലൂറസൻസ് അല്ലെങ്കിൽ 2.5 ഗ്രാം കോപ്പർ ഓക്സിക്ലോറൈഡ് അല്ലെങ്കിൽ 2 ഗ്രാം കോപ്പർ ഹൈഡ്രോക്സൈഡ് ഒരു ലിറ്റർ വെള്ളത്തിൽ ചേർത്ത് മണ്ണ് കുതിരത്തക്ക വണ്ണം ഒഴിച്ചു കൊടുക്കുകയും ചെടിയിൽ തളിച്ചു കൊടുക്കുകയും ചെയ്യുക.

ജാതി

മഴക്കാലത്ത് ജാതി മരങ്ങൾക്ക് ഇലകൊഴിച്ചിൽ, വേരു ചീയൽ, തടിയിൽ നിന്നും കറയൊലിപ്പ് എന്നീ രോഗങ്ങൾ കണ്ടു വരുന്നു. കുമിൾ ബാധ മൂലമുണ്ടാകുന്ന ഈ രോഗങ്ങൾ നിയന്ത്രിക്കുന്നതിന് ഇലകളിൽ ഒരു ശതമാനം ബോർഡോ

മിശ്രിതം തളിക്കുക. കൂടാതെ ചെമ്പ് കലർന്ന കുമിൾ നാശിനികളിൽ ഒന്ന് (കോപ്പർ ഹൈഡ്രോക്സൈഡ് 2 ഗ്രാം 1 ലിറ്റർ വെള്ളത്തിൽ അല്ലെങ്കിൽ കോപ്പർ ഓക്സിക്ലോറൈഡ് 2.5 ഗ്രാം/ലിറ്റർ വെള്ളത്തിൽ) മരത്തിന് ചുറ്റും തടമെടുത്ത് മരം ഒന്നിന് 10 മുതൽ 20 ലിറ്റർ വരെ എന്ന തോതിൽ മണ്ണിൽ ഒഴിച്ചു കൊടുക്കുക. തായ്ത്തടിയിൽ കറയൊലിക്കുന്ന ഭാഗത്ത് ബോർഡോ കുഴമ്പ് അല്ലെങ്കിൽ ഹെക്സാകോണസോൾ 5 മി.ലി/ലിറ്റർ വെള്ളത്തിൽ എന്ന അളവിൽ പുരട്ടി മഴകൊള്ളാതെ സൂക്ഷിക്കുക. ബോർഡോ കുഴമ്പ് തയ്യാറാക്കുന്നതിന് 100 ഗ്രാം നീറ്റുകക്കയും 100 ഗ്രാം തുരിശും ½ ലിറ്റർ വെള്ളത്തിൽ വെവ്വേറെ കലക്കി യോജിപ്പിച്ച് ഉപയോഗിക്കുക.

<u>പച്ചക്കറി</u>

മഴക്കാലത്ത് പച്ചക്കറികളിൽ മൃദുരോമപ്പൂപ്പ് എന്ന കുമിൾ രോഗം കാണാനിടയുണ്ട്. പ്രതിവിധിയായി 20 ഗ്രാം ട്രൈക്കോഡർമ അല്ലെങ്കിൽ 2 ഗ്രാം കർസേറ്റ് M8 അല്ലെങ്കിൽ 1 മി.ലി ഇകോഷൻ പ്രോ ഒരു ലിറ്റർ വെള്ളത്തിൽ എന്ന തോതിൽ 15 ദിവസം ഇടവിട്ട് ഇലയുടെ അടിയിൽ പതിക്കത്തക്ക വിധത്തിൽ കലക്കി തളിക്കുക.

പ്രൊഫസർ & ഹെഡ്
കമ്മ്യൂണിക്കേഷൻ സെന്ററ്, മണ്ണുത്തി

❖ പ്രതികൂല കാലാവസ്ഥയും കനത്ത മഴയും മൂലം വിളകൾക്കുണ്ടാകുന്ന കീട-രോഗ ബാധകൾക്ക് അടിയന്തര ഉപദേശം നേടുന്നതിനായി കേരള കാർഷിക സർവ്വകലാശാലയുടെ കീഴിലുള്ള കമ്മ്യൂണിക്കേഷൻ സെന്ററുമായോ ജില്ലാതല കൃഷിവിജ്ഞാന കേന്ദ്രങ്ങളുമായോ ബന്ധപ്പെടാവുന്നതാണ്.

അടിയന്തര കാർഷിക നിർദ്ദേശങ്ങൾക്കായി താഴെ പറയുന്ന നമ്പറുകളിൽ ബന്ധപ്പെടാവുന്നതാണ്.

1. ഐ.എഫ്.എസ്.ആർ.എസ്, കരമന, തിരുവനന്തപുരം - 8078581812
2. കൃഷി വിജ്ഞാന കേന്ദ്രം, കൊല്ലം - 0474 2663599
3. നെല്ല് ഗവേഷണ കേന്ദ്രം, മങ്കൊമ്പ്, ആലപ്പുഴ - 9526548485
4. കൃഷി വിജ്ഞാന കേന്ദ്രം, പത്തനംതിട്ട – 8078572094
5. കൃഷി വിജ്ഞാന കേന്ദ്രം, കോട്ടയം - 6238092782
6. കൃഷി വിജ്ഞാന കേന്ദ്രം, ഇടുക്കി - 9061293490
7. നെല്ല് ഗവേഷണ കേന്ദ്രം, വൈറ്റില, എറണാകുളം - 8075220868
8. കൃഷി വിജ്ഞാന കേന്ദ്രം, തൃശ്ശൂർ - 9400483754, കമ്മ്യൂണിക്കേഷൻ സെന്ററർ, മണ്ണുത്തി - 8547070773
9. കൃഷി വിജ്ഞാന കേന്ദ്രം, പാലക്കാട് - 6282937809
10. കൃഷി വിജ്ഞാന കേന്ദ്രം, മലപ്പുറം - 8547193685
11. കാർഷിക വിവര-വിപണന കേന്ദ്രം, വേങ്ങേരി, കോഴിക്കോട് – 9446682926
12. കൃഷി വിജ്ഞാന കേന്ദ്രം, അമ്പലവയൽ, വയനാട് - 9496930411
13. കൃഷി വിജ്ഞാന കേന്ദ്രം, കണ്ണൂർ - 8547675124
14. എക്സ്റ്റൻഷൻ ട്രെയിനിംഗ് സെന്ററർ, മഞ്ചേശ്വരം കാസർഗോഡ് - 9744791608

ഡയറക്ടർ ഓഫ് എക്സ്റ്റൻഷൻ
കേരള കാർഷിക സർവ്വകലാശാല
തൃശൂർ